മി. ചെയർമാൻ: ശ്രീ. സി. ടി. അഹമ്മദ് അലി അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ ഭേഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: ഇല്ല.

മി. ചെയർമാൻ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള ജനറൽ സെയിൽസ് ടാക്സ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(5) 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളും സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): പ്രധാനമായ രണ്ട് മൂന്ന് കാര്യങ്ങളാണ് ഈ ഭേഗതി ബില്ലിൽ പറഞ്ഞിരിക്കുന്നത്. ഒന്ന് എൻട്രി ടാക്സ് റേറ് വാറിലെ റേറ് കുട്ടാൻ പാടില്ല എന്നാണ്. അതുപോലെ കുടിശ്ശിക അടയ്ക്കുന്നത് കെ. ജി. എസ്. ടി. ആക്ടിലെ സെക്ഷൻ 25 പോലെയാക്കുക. മറൊന്ന് അപ്പലേറ് ട്രൈബ്യൂണലിൻെറ തീരുമാനത്തിന് എതിരായി ഹൈക്കോടതിയിൽ റിവിഷൻ പെറ്റീഷൻ കൊടുക്കാൻ പ്രൊവിഷൻ വയ്ക്കുക. മറൊന്ന് പുതിയതായി ചില ഐറ്റം കൂടി കൊണ്ടുവരുന്ന

LIBRARY ARCHIVES Kerala Legislative Assembly

രീതിയിൽ ഷെഡ്യൂളിൽ ചെറിയ മാറ്റം വരുത്തുക. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ബാബു: സർ, 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-9-2005 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേഗതി ഞാൻ അവതരിപ്പിക്കുന്നു.

എൻട്രി ടാക്സിനെ കാര്യം പറയുമ്പോൾ ആദ്യം തന്നെ ചെക്ക് പോസ്റ്റിലെ ഒരു കാര്യം പറയട്ടെ. പലപ്പോഴും ചെക്ക് പോസ്റ്റിൽ വന്ന് പരിശോധന പൂർത്തിയാക്കി കേരളത്തിലേക്ക് കടന്നുപോരുന്നതിന് വളരെയധികം കാലതാമസം വരുന്നുണ്ട്. അതുകൊണ്ട് ചെക്ക് പോസ്റ്റുകളിൽ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്താനും വേഗത്തിൽ പരിശോധന പൂർത്തിയാക്കാനുമുള്ള നടപടി ഉണ്ടാകണം. അതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. മറ്റൊരു കാര്യം നമ്മുടെ ചെക്ക് പോസ്റ്റുകളിൽ സ്കാനിംഗ് സൗകര്യമില്ല. സ്കാനിംഗ് സൗകര്യം വളരെ കോസ്റ്റ്ലി ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്നാലും സ്കാനിംഗ് സൗകര്യമുണ്ടെങ്കിൽ ഒരുപാട് വെട്ടിപ്പുകൾ ചെക്ക് പോസ്റ്റിൽ കണ്ടുപിടിക്കാൻ സാധിക്കുമെന്നാണ് പലരും ചൂണ്ടിക്കാണിക്കുന്നത്. അതുകൊണ്ട് ആ കാര്യം പരിശോധിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊരു കാര്യം മെഷിനറിക്ക് 12.5% ആണ് ഇപ്പോൾ എൻട്രി ടാക്സ് വച്ചിട്ടുള്ളത്. അത് 4% ആക്കി കുറയ്ക്കുമെന്ന് മന്ത്രി പ്രസ്താവിച്ചിട്ടുണ്ട്. ആ 4% തന്നെ ആക്കുന്നത് നമ്മുടെ സംസ്ഥാനത്തെ നിക്ഷേപകരായിട്ടുള്ള ആളുകളെ വളരെ പ്രതികൂലമായി ബാധിക്കും. 36 മാസത്തിനുള്ളിൽ അവർക്ക് എൻട്രി ടാക്സിനെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കും. പക്ഷേ 36 മാസം കാത്തിരിക്കണം. ഒരു സ്ഥാപനം തുടങ്ങുന്നതിനുവേണ്ടി ചെറിയ യൂണിറ്റ് ആയാലും തുടങ്ങുന്നതിനുവേണ്ടി ആളുകളെ കൊണ്ടു വരുന്ന അവരുടെ മെഷിനറിക്ക് എൻട്രി ടാക്സ് 12.5%-ൽ നിന്നും 4% ആയി കുറയ്ക്കണമെന്ന് മന്ത്രി പ്രഖ്യാപിച്ചിരുന്നു. ആ കാര്യം പരിശോധിക്കണം. ഈ 4% തന്നെ 36 മാസത്തിന് ശേഷം ഇൻപുട്ട് ടാക്സ് ലഭിക്കുന്നുണ്ട്. അത് 4% ആക്കേണ്ടിവരുമ്പോൾ ഈ മെഷിനറി കൊണ്ടുവരുന്ന നമ്മുടെ സംരംഭകരെ വളരെ പ്രതികൂലമായി ബാധിക്കുമെന്നുള്ള ആക്ഷേപമുണ്ട്. അതുകൊണ്ട് അത് ഒഴിവാക്കാൻ സാധ്യതയുണ്ടോ എന്ന് പരിശോധിക്കണം. അതുപോലെ രജിസ്റ്റേർഡ് ഡീലേഴ്സ് എല്ലാ മാസവും പത്താം തീയതിക്കുള്ളിൽ അവരുടെ റിട്ടേൺ കൊടുക്കുന്നുവരാണ്. അവരെ ചെക്ക് പോസ്റ്റിൽ പരിശോധിക്കേണ്ട. അവർ ബന്ധപ്പെട്ട കടലാസ് കാണിച്ചാൽ മതി. പക്ഷേ ചെക്ക് പോസ്റ്റിലെ കളക്ഷൻ കൂട്ടിക്കണക്കിക്കാൻ വേണ്ടി രജിസ്റ്റേർഡ് ഡീലേഴ്സിനോടും ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നതായിട്ടാണ് മനസ്സിലാക്കുന്നത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ടിമ്പർ ഉൽപ്പന്നങ്ങൾ ഇങ്ങോട്ട് കടത്തിക്കൊണ്ടു വരുന്നതിന് നേരത്തെ എൻട്രി ടാക്സ് ഉണ്ടായിരുന്നില്ല. എൻട്രി ടാക്സ് പുതുതായി വന്നതിന്റെ ഫലമായി യഥാർത്ഥത്തിൽ ഇവിടുത്തെ സെക്കൻറ് സെയിലിന് ആയാലും ഉൽപ്പന്നങ്ങളുടെ സെയിലിന് ആയാലും കൊടുക്കേണ്ടുന്ന നികുതിക്ക് പുറമെ പുതിയ എൻട്രി ടാക്സ് ഈ മേഖലയിൽത്തന്നെ കൊടുക്കണമെന്നായിട്ടുണ്ട് എന്നുള്ള പ്രശ്നം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: ഉണ്ട്. കേരളാ ഹൈക്കോടതി ആ പ്രശ്നത്തിൽ ഒരു പരാമർശം നടത്തിയതായി ഞാൻ മനസ്സിലാക്കുന്നു. എല്ലാ മാസവും പത്താം തീയതിക്കുള്ളിൽ രജിസ്റ്റേർഡ് ഡീലേഴ്സ് റിട്ടേൺ ഫയൽ ചെയ്യണം. പിന്നെ അവരെത്തന്നെ വീണ്ടും ചെക്ക് പോസ്റ്റിൽ എൻട്രി ടാക്സ് അടയ്ക്കാൻ നിർബന്ധിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. അതേക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മറ്റൊരു കാര്യം കോഴിക്കൃഷിയുടെ കാര്യമാണ്. കോഴിക്കൃഷിക്ക് ഇവിടെ ടാക്സ് ഇപ്പോൾ 12.5% ആണ്. ഇൻഡ്യയിൽ എവിടെയും ഇങ്ങനൊരു ടാക്സ് ഇല്ല. 'വാറ്റ്' വരുന്നതിനുമുമ്പ് ഇവിടെയും ടാക്സ് ഇല്ലായിരുന്നു. ഇപ്പോൾ പുതുതായി എൻട്രി ടാക്സ് ചുമത്തിയിട്ടില്ല. അതേസമയം ഏകീകരണം വന്നപ്പോൾ കേരളത്തിലെ കൃഷിക്കാർക്ക് 12.5% ടാക്സ് ഉണ്ട്. അത് കേരളത്തിലെ കോഴിക്കൃഷിയെ വളരെ പ്രതികൂലമായി ബാധിക്കുമെന്ന ആക്ഷേപമുണ്ട്. അതുകൊണ്ട് നേരത്തെ ഉണ്ടായിരുന്ന സാഹചര്യത്തിലേക്ക് തിരിച്ചു കൊണ്ടു വരുന്നതിനും നമ്മുടെ കൃഷിക്കാരനുവേിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാക്കുന്നതിനും സാധിക്കുമോ എന്നുള്ളത് ഗൗരവമായി പരിശോധിക്കണം. ശ്രീ. പ്രകാശൻ മാസ്റ്റർ ചൂണ്ടിക്കാണിച്ച പ്രശ്നമുണ്ട്. മാനുഫാക്ചറിംഗിനു ഉപയോഗിക്കുന്ന മരത്തിനു് എൻട്രി ടാക്സ് ഒഴിവാക്കിയിട്ടില്ല. അത് നമ്മുടെ ഫർണിച്ചർ മാനുഫാക്ചറിംഗ് യൂണിറ്റുകളെ വളരെ പ്രതികൂലമായി ബാധിക്കും. അതുപോലെ തന്നെ മരം വാങ്ങിയാൽ അടയ്ക്കുന്ന എൻട്രി ടാക്സിനു് റീഫണ്ട് കിട്ടുന്നില്ല. മാനുഫാക്ചറിംഗിനു് വേണ്ടിയോ അല്ലെങ്കിൽ എക്സ്പോർട്ടിനു വേണ്ടിയോ മരം വാങ്ങുന്നത് ഫർണിച്ചർ യൂണിറ്റുകാരാണ്. ഇപ്പോൾ അവർക്ക് മരം വാങ്ങിയാൽ അടയ്ക്കുന്ന ടാക്സ് റീഫണ്ട് ചെയ്തു കിട്ടുന്നില്ല. അത് കിട്ടാൻ അർഹതയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് ഗൗരവമായി പരിശോധിക്കണം. എന്റെ പ്രദേശത്ത് എല്ലാ പഞ്ചായത്തിലും നൂറു കണക്കിനു് കോഴിക്കൃഷിക്കാരുണ്ട്. അതുപോലെ ശ്രീ. ടി. യു. രാധാകൃഷ്ണൻ പ്രതിനിധാനം ചെയ്യുന്ന മാളയിലും വളരെയേറെ കോഴിക്കൃഷിക്കാർ ഉണ്ടെന്നു് ചൂണ്ടിക്കാണിക്കുകയുണ്ടായി. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായി പരിശോധിക്കണം.

ശ്രീ. വി. കെ. ചന്ദ്രൻ: തമിഴ് നാട്ടിൽ നിന്ന് വാളയാർ ചെക്ക് പോസ്റ്റു വഴി മാഹിയിലേക്കാണ് എന്നു പറഞ്ഞ് പ്രതിദിനം നൂറിൽ കൂടുതൽ ലോഡ് കോഴി വരുന്നുണ്ട്. അത് മാഹിയിലേക്ക് പോകുന്നില്ല. അത് പാലക്കാട് ജില്ലയുടെ പല മേഖലകളിലും മലപ്പുറം ജില്ലയിലും കോഴിക്കോട് ജില്ലയുടെ ചില മേഖലകളിലുമാണ് വിറ്റഴിയുന്നത്. അതു വല്ലാത്ത രൂപത്തിൽ സർക്കാരിന്റെ ടാക്സ് വെട്ടിച്ചു കൊണ്ടുപോകുന്ന ഏർപ്പാടാണ്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട മെമ്പർ, ഞാൻ അതുകൊണ്ടാണ് പുറത്തുനിന്നു വരുന്ന കോഴിക്കും കോഴിക്കുഞ്ഞിനും എൻട്രി ടാക്സ് ഏർപ്പെടുത്തി കേരളത്തിലെ കോഴിക്കൃഷിക്കാരെ സഹായിക്കണം എന്ന് ചൂണ്ടിക്കാണിച്ചത്.

ശ്രീ. പി. സി. ജോർജ്: കേരളത്തിലെ കോഴിക്കൃഷിക്കാരെ സംരക്ഷിക്കണം എന്നതിനു് തർക്കമില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത് തമിഴ് നാട്ടിലെ രണ്ട് കൃഷിക്കാർ, അവർ കേരളത്തിലെ കോഴിക്കച്ചവടത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

മുഴുവൻ മോണോപോളി ഏറെറടുത്തു കഴിഞ്ഞു. അവരുടെ പ്രവർത്തന ത്തിൻെറ പരിണത ഫലമായിട്ടാണ് ഇപ്പോഴും തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും ഇങ്ങോട്ട് കന്നുകാലികളെ കടത്തുന്നത് നിരോധി ച്ചിട്ടുള്ളത്. ആന്ത്രാക്സ് രോഗം ബാധിച്ചാൽ കന്നുകാലികളും രണ്ട് ദിവസത്തിനകം ചത്തുപോകും. തേനി എന്ന പ്രദേശത്ത് മാത്രമാണ് ആന്ത്രാക്സ് ഉണ്ടായിരുന്നത്. അതും മൂന്ന് ആഴ്ച മുമ്പ്. പക്ഷേ ഇവിടെ ഇപ്പോഴും അന്യ സംസ്ഥാനങ്ങളിൽ നിന്ന് കന്നുകാലികളെ കൊണ്ടുവരുന്നത് തടഞ്ഞു വച്ചിരിക്കുകയാണ്. കോഴിക്കച്ചവടക്കാർ സ്വാധീനം ചെലുത്തിയിട്ടാണ് തമിഴ്നാട്ടിൽ നിന്നും ആന്ധ്രയിൽ നിന്നും കർണ്ണാടകയിൽ നിന്നും മറ്റുമുള്ള കന്നുകാലികളുടെ കടത്ത് ഇപ്പോഴും തടഞ്ഞു വച്ചിരിക്കുന്നത്. ഈ വസ്തുത നിഷേധിച്ചിട്ട് കാര്യമില്ല. അപ്പോഴും കോഴിക്കച്ചവടക്കാർക്ക് ആനുകൂല്യം കൊടുക്കണമെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. കെ. ബാബു: ഏതെങ്കിലും കോഴിക്കൃഷിക്കാർക്ക് കേരള ഗവൺമെൻറിൽ സ്വാധീനം ചെലുത്താൻ കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല.

ശ്രീ. തോമസ് ഉണ്ണിയാടൻ: വളരെ ചെറുകിടക്കാരായ കർഷകരെ അവഗണിക്കുന്നത് ശരിയല്ല. ശ്രീ. ബാബു ഇവിടെ സൂചിപ്പിച്ചത് സാധാരണക്കാരായിട്ടുള്ള കർഷകരെ, സ്വന്തം സ്ഥലത്ത് കോഴിക്കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിന് ആവശ്യമായ കാര്യങ്ങളും ചെയ്യണ മെന്നാണ്.

ശ്രീ. കെ. ബാബു: കേരളത്തിൽ കോഴിക്കൃഷി ചെയ്യുന്നത് വളരെ ചെറിയ വിഭാഗം ആളുകളാണ്. മിക്കവാറും കൃഷിക്കാർ ഒരു ഉപതൊഴിൽ പോലെയാണ് ഇത് നടത്തുന്നത്. അവരെ വാറ്റ് പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് ഗൗരവമായി പരിശോധിക്കണം.

ശ്രീ. ടി. എം. ജേക്കബ്: കോഴിക്കൃഷിയെ സംബന്ധിച്ചാണ് പറയുന്നത്. കോഴിക്ക് വെയ്റ്റ് കൂട്ടാൻ വേണ്ടി ഹോർമോണുകളും തീറ്റയോടൊപ്പം കൊടുക്കുകയും കുത്തിവയ്ക്കുകയും ചെയ്യുന്നുണ്ട്. ഈ മാംസം കഴിക്കുന്ന ചെറിയ പിള്ളേരുടെ മുഴുവൻ വെയ്റ്റ് കൂടി യിരിക്കയാണ്. പള്ളിക്കൂടത്തിൽ പഠിക്കുന്ന പിള്ളേർക്ക് ഇപ്പോൾ 70-80 കിലോ തൂക്കമുണ്ട്. ഇത്തരം കോഴിയുടെ വിൽപന നിരോധിക്കു ന്നതിനുള്ള മാർഗ്ഗത്തെക്കുറിച്ച് ഗവൺമെൻറ് ആലോചിക്കണം. കോഴി കൃഷിയെക്കുറിച്ച് പറയുമ്പോൾ അക്കാര്യം വിട്ടുപോകരുത്. കോഴിക്കൃഷി നല്ലതാണ്. പക്ഷേ ഇത് മനുഷ്യനു മുഴുവൻ ഉപദ്രവം ചെയ്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ബാബു: അത് ഉപയോഗിക്കുന്ന ആളുകളും അതനുസരിച്ച് ചെയ്യുക എന്നുള്ളതാണ് എനിക്ക് പറയാനുള്ളത്. ഞാൻ എൻെറ ദേഭഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, 2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണ മെന്ന ദേഭഗതി ഞാൻ അവതരിപ്പിക്കുന്നു. വാറ്റ് നിലവിൽ വന്നു. നിങ്ങൾ വിവിധ ഷെഡ്യൂൾ അനുസരിച്ച് പല അസംസ്കൃത വസ്തുക്കൾക്കും ഉൽപ്പന്നങ്ങൾക്കും നികുതി നിശ്ചയിച്ചിരുന്നു. ആ നികുതി നിശ്ചയിച്ചതിനുശേഷം പിന്നെ ഈ എൻട്രി ടാക്സ്,

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകിച്ച് ഇത് നമ്മുടെ വ്യവസായ രംഗത്തെ, ചെറുകിട വ്യവസായ യൂണിറ്റുകളെ എങ്ങിനെ ബാധിക്കുന്നു എന്നൊരു പരിശോധന കൃത്യമായ് ധനകാര്യ വകുപ്പ് നടത്തിയിട്ടുണ്ടോ എന്നുള്ള ഒരു സംശയം ഞാൻ ഉന്നയിക്കുകയാണ്. അതുപോലെത്തന്നെ സ്വാഭാവികമായി പുതുതായി നടപ്പിലാക്കിയ ഒന്നാണ് വാറ്റ്. പലവിധത്തിലുള്ള സൈഡ് എഫക്ടും ഉണ്ടാകാം. ആ സൈഡ് എഫക്ട് ഒന്ന് വിശദമായി പരിശോധിച്ച് ഇതിനകത്ത് കേരളത്തിലെ ആളുകൾക്ക് ബുദ്ധിമുട്ടില്ലാത്ത നിലയിൽ അവരെ സംരക്ഷിക്കാനാവശ്യമായ സംവിധാനമുണ്ടാക്കാൻ മുൻകൈ എടുക്കേണ്ടതാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് മരം. മരം ഉപയോഗിച്ച് നമ്മുടെ നാട്ടിൽ ചെറിയ ചെറിയ ഫർണീച്ചർ യൂണിറ്റുകൾ വ്യാപകമായ തോതിൽ പ്രവർത്തിക്കുന്നുണ്ട്. ഒന്നോ രണ്ടോ ഫർണീച്ചർ കടകളില്ലാത്ത ഒരു ടൗൺഷിപ്പുമില്ല. അവിടെയെല്ലാമാവശ്യമായ മര ഉരുപ്പടികൾ തയ്യാറാക്കി കൊടുക്കുന്ന കേന്ദ്രങ്ങൾക്ക് മരത്തിന് entry tax ഏർപ്പെടുത്തുന്നത് വലിയ തോതിലുള്ള പ്രശ്നം ഉണ്ടാക്കുന്നുണ്ട്. ചെറുകിട മര ഉരുപ്പടി നിർമ്മാണ യൂണിറ്റുകളെ ഇത് വലിയ തോതിലുള്ള ഒരു പ്രയാസത്തിലേക്ക് നയിക്കുന്നുണ്ട്. അതുപോലെത്തന്നെ മെഷിനറിയും മെഷിനറിക്കുള്ള ടാക്സും. ഇപ്പോൾ ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി സംസ്ഥാനമായി കേരളത്തെ മാറ്റണമെന്നാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ മന്ത്രിമാരും മുഖ്യമന്ത്രിയും ധനമന്ത്രിയും പറഞ്ഞത്. അങ്ങനെ മാറ്റി എന്നാണ് അവകാശപ്പെടുന്നത്. അപ്പോൾ ഇൻവെസ്റ്റ്മെന്റ് ഫ്രണ്ട്ലി സംസ്ഥാനമായി മാറിയ ഒരു സംസ്ഥാനത്തിന് സ്വാഭാവികമായും ചെറുകിട/വൻകിട വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ പ്രചോദനം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതാണ്. എന്നാൽ ഈ മെഷിനറിക്ക് എൻട്രി ടാക്സ് ഏർപ്പെടുത്തിയതുവഴി ചെറിയ യൂണിറ്റുകൾക്കുള്ള മെഷിനറി പോലും ഇറക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായിട്ടുണ്ട്. എന്റെ നാട്ടിൽ കുടുംബശ്രീ യൂണിറ്റ് ഒരു ഓഫ്സെറ്റ് പ്രസ് വാങ്ങിക്കാൻവേണ്ടി മാർച്ച് മാസം 31-ന് മുമ്പാണ് ഓർഡർ കൊടുത്തത്. അത് 31-ാം തീയതിക്ക് മുമ്പ് ഇറക്കുമതി ചെയ്യാൻ സാധിച്ചില്ല. 31-ാം തീയതി കഴിഞ്ഞപ്പോളാണ് അത് കോയമ്പത്തൂരിൽ നിന്ന് ഇങ്ങോട്ട് ഇറക്കുമതി ചെയ്തത്. ആ സമയത്ത് ആ കുടുംബശ്രീ യൂണിറ്റിന്റെ സ്ത്രീകളായ അംഗങ്ങൾ 50,000 രൂപ കൊടുക്കേണ്ടതായി വന്നു. അവസാനം ആ നഷ്ടം കമ്പനി സഹിച്ചു. കാരണം ഇതിനുമുമ്പ് അഡ്വാൻസ് കൊടുത്തതാണല്ലോ. അതുകൊണ്ട് കമ്പനി നഷ്ടം സഹിച്ച് ആ യന്ത്രസാമഗ്രി കുടുംബശ്രീ യൂണിറ്റിന് ഇറക്കിക്കൊടുക്കാൻ തയ്യാറായി. അപ്പോൾ ഒരു കുടുംബശ്രീ യൂണിറ്റുപോലെയുള്ളവർക്ക്, ഏതെങ്കിലും ഒരു മെഷിനറി ഇറക്കി ഒരു ചെറിയ വ്യവസായ സംരംഭം ആരംഭിക്കാൻ മുൻകൈ എടുക്കുന്നവർക്ക്, ഇത്തരം എൻട്രി ടാക്സുകൾ വലിയ തോതിൽ പ്രശ്നം ഉണ്ടാക്കും. ഇത് സ്വാഭാവികമായും നമ്മുടെ നാട്ടിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ വരുന്നതിനും ഇത്തരം സംരംഭങ്ങൾക്ക് ആളുകൾ ഇറങ്ങുന്നതിനും പ്രായോഗികമായും ചില പ്രശ്നങ്ങളുണ്ടാക്കുന്നു. അത് ഒന്ന് ഗൗരവമായി പരിശോധിച്ച് മെഷിനറികൾക്കെങ്കിലും ഇങ്ങനെ ഒരു ടാക്സ് ഇല്ലാത്ത അവസ്ഥ ഉണ്ടാക്കിക്കൊണ്ടുവരാൻ ആവശ്യമായ ഏർപ്പാടുണ്ടാക്കണം. അതുപോലെ തന്നെ കോഴിയെ സംബന്ധിച്ചുള്ളത്. വെയിറ്റ് കൂട്ടാനായിട്ട് അതിന്റെ വയറ്റിൽ വെള്ളം അടിച്ചു കയറ്റുന്നു. അങ്ങനെ ഭാരം കൂട്ടിയ ശേഷം വിൽക്കുന്നു.

ശ്രീ. പി. സി. ജോർജ്: സർ, വാറ്റ് നടപ്പാക്കിയപ്പോൾ എല്ലാത്തിനും വില കുറഞ്ഞുവെന്ന് പറഞ്ഞ് ധനകാര്യ വകുപ്പുമന്ത്രി വലിയ അഭിമാന

LIBRARY ARCHIVES Kerala Legislative Assembly

ത്തോടെയാണ് നടക്കുന്നത്. പക്ഷേ നമ്മുടെ അലോപ്പതി മരുന്നിന്റെ കാര്യം സംബന്ധിച്ച് ഇപ്പോഴും വന്നിരിക്കുന്നത് എം. ആർ. പി. ക്ക് വാറ്റ് ഈടാക്കുന്നു. അതുകൊണ്ട് ഇപ്പോഴും നമ്മൾ കടയിൽ ചെന്ന് മരുന്ന് വങ്ങിക്കുമ്പോഴും ഇരട്ടി വിലയാവുകയാണ്. മനുഷ്യന് ജീവിക്കണ്ടേ? ഇൻസുലിൻ സംബന്ധിച്ച് ശ്രീ. ടി. എ. ജേക്കബിനോട് ചോദിച്ചാൽ അറിയാം. ദിവസവും കുത്തിവയ്ക്കുന്ന ആളല്ലേ.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, വാറ്റ് വരുമ്പോഴും എന്നോട് ചോദിച്ചാൽ മറുപടി പറയാം.

ശ്രീ. പി. സി. ജോർജ്: സർ, അങ്ങ് ഏറ്റിട്ട് ഇതുവരെ വഴങ്ങിയിട്ടില്ല. വഴങ്ങുന്ന സ്വഭാവമുണ്ടെന്ന് പറഞ്ഞാൻ ഇപ്പോഴും ഞാൻ നിർത്താം. അങ്ങ് തയ്യാറുണ്ടോ? കുറെ മന്ത്രിമാരുടെ സ്വഭാവം ഇങ്ങനെയാണ്. വഴങ്ങാമെന്ന് പറയും അവസാനം ഞാൻ ക്ലോസ് ചെയ്തു എന്ന് പറഞ്ഞ് ഇരുന്ന് സ്ഥലവും വിടും. ആ കളിപ്പീരാണ് നടക്കുന്നത്. മരുന്നിന് വില ഇരട്ടിയാകുന്നുണ്ട്. അതുകൊണ്ട് അത് ഗൗരവമായി ശ്രദ്ധിക്കണം.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: വാറ്റ് വരുമ്പോഴും എല്ലാ സാധനങ്ങൾക്കും വില കുറയുമെന്നാണ് അങ്ങ് ഈ ഫ്ളോറിൽ പറഞ്ഞത്. പക്ഷേ ഒരു സാധനത്തിന്റെയും വില കുറഞ്ഞിട്ടില്ല. പഴയതുപോലെ നിലനിൽക്കുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, എൻട്രി ടാക്സ് സംബന്ധിച്ച്, വിദേശത്തുനിന്ന് മരം ഇറക്കുമതി ചെയ്തത് കേരളത്തിൽ കൊണ്ടുവന്ന് വിൽക്കുന്ന ആളുകൾക്ക് ഇത് ബാധകമാക്കിയതിന്റെ ഫലമായിട്ട് അവർക്കവിടെ ഒരു അധിക ഇൻവെസ്റ്റ്മെന്റ് വേണ്ടിവരും. ഇത് കർണ്ണാടകത്തിൽത്തന്നെ ഈ വ്യവസായം നടത്തുകയാണെങ്കിൽ അതിന്റെ ആവശ്യമില്ല. അതുകൊണ്ട് കണ്ണൂരിലും തലശ്ശേരിയിലുമുള്ള മര വ്യവസായികളും, കേരളത്തിൽ ധാരാളം മരം ഇറക്കുമതി ചെയ്തു വിറ്റു കൊണ്ടിരിക്കുന്ന ആളുകളും ഈ വ്യവസായം തന്നെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നത് ഭരണകൂടത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: കർണ്ണാടകത്തിന്റേയും തമിഴ്നാടിന്റേയും രോഗത്തേക്ക് കാസർഗോഡ്, കണ്ണൂർ ജില്ലയിലെ മരവ്യവസായികളും അവരുടെ നിർമ്മാണ യൂണിറ്റുകളും മാറുന്നുണ്ട്. അതുപോലെ അത്തരം സാധനങ്ങളും കൊണ്ടുവന്ന് വിൽക്കാനാവശ്യമായ സംവിധാനങ്ങളും ഉണ്ടായിരുന്ന സ്ഥിതിയുണ്ട്.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വിദേശത്ത് ജോലി ചെയ്യുന്ന ആളുകൾ മടങ്ങി വരുമ്പോൾ അവരവിടെ ഉപയോഗിച്ചുകൊണ്ടിരുന്ന കാർ കൊണ്ടുവരുന്നതിന് എൻട്രി ടാക്സ് ഉണ്ട്. ഈ എൻട്രി ടാക്സിൽ നിന്ന് രക്ഷപ്പെടാൻ അത് ഇപ്പോൾ നാഗാലാൻറിലും മറ്റുള്ള സംസ്ഥാനങ്ങളിലുമാണ് ഇറക്കുമതി ചെയ്യുന്നത്. അതുവഴി നമ്മുടെ റോഡ് ടാക്സ് നഷ്ടപ്പെടുകയാണ്. ഇതിൽ വല്ല ഭേദഗതിയും വരുത്താൻ അങ്ങ് ശുപാർശ ചെയ്യുമോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: മെഷിനറിയുടെ കാര്യം പറഞ്ഞു. അതിൽ ഇതുപ്പെടെയുള്ള കാര്യങ്ങളും കൂട്ടിചേർത്തുകൊണ്ട് ഇതിനാവശ്യമായൊരു സഹായം ചെയ്താൽ.... രജിസ്ട്രേഷൻ ഫീസ് ഉൾപ്പടെ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

ജനറാവിലേക്ക് മുതൽക്കൂട്ടാക്കാൻ കഴിയും. ആ നിലയിൽ ഒരു പരിശോധന തീർച്ചയായും ഈ എൻട്രി ടാക്സിന്റെ കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. ഞാൻ അടുത്തത് കോഴിയുടെ കാര്യമാണ് പറയാൻ പോകുന്നത്. നമുക്കാവശ്യമായ കോഴിയും, കോഴിമുട്ടയും മുഴുവൻ തമിഴ്നാട്, കർണ്ണാടക, ആന്ധ്ര എന്നിവിടങ്ങളിൽ നിന്നുമാണ് വരുന്നത്. അങ്ങനെ വരുന്നതിന്റെ പ്രധാനപ്പെട്ട കാരണം ഇടത്തരം ചെറുകിട യൂണിറ്റുകൾ നമ്മുടെ നാട്ടിൽ ആരംഭിക്കാൻ ആവശ്യമായ സഹായങ്ങൾ ചെയ്തു കൊടുക്കാൻ നമുക്ക് കഴിയുന്നില്ല എന്നതാണ്. സ്വാഭാവികമായും നമ്മുടെ നാട്ടിലെ ചെറിയ കോഴിക്കർഷികാർക്ക്, കോഴി വളർത്തൽകാർക്ക് വിൽപ്പന നടത്തുന്നവർക്കൊക്കെ സഹായം ചെയ്യാൻ സാധിക്കുന്ന അവസ്ഥ ഉണ്ടാകണമെങ്കിൽ കോഴി വ്യവസായ രംഗത്ത്, വിൽപ്പന രംഗത്ത് മോണോപൊളി ഉള്ള ആളുകൾക്ക് നമ്മുടെ മാർക്കറ്റ് മുഴുവൻ കയ്യടക്കാൻ സാധിക്കുന്ന നിലയിലുള്ള സാഹചര്യം ഒഴിവാക്കുക തന്നെ വേണം. അതിനു സാധിക്കണമെങ്കിൽ തമിഴ്നാട്ടിൽനിന്നും ആന്ധ്രയിൽനിന്നുമൊക്കെ തന്നെ വലിയ തോതിൽ കേരളത്തിലേയ്ക്ക് ഇറക്കുമതി ചെയ്യുന്നവർക്ക് 4% നികുതി ചുമത്തിയാൽ പോരാ, എത്ര എൻട്രി ടാക്സ് ആണോ ചുമത്താൻ സാധിക്കുന്നത് അത്രയും ചുമത്തി അന്യ സംസ്ഥാനങ്ങളിൽ നിന്നുകൊണ്ടു വരുന്നത് പ്രതിരോധിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. അങ്ങനെ ഈ എൻട്രി ടാക്സ് നിങ്ങളും ചുമത്തുമ്പോൾ ഞാൻ നേരത്തെ ചോദിച്ച സംശയം ഒന്നുകൂടെ ഉന്നയിക്കുന്നു. വാറ്റ് വന്ന സ്ഥിതിയിൽ നമുക്കിത് അത്യാവശ്യമാണോ? അതുപോലെത്തന്നെ നമ്മുടെ നാട്ടിലെ സാധാരണ ചെറുകിട സംരംഭങ്ങൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ വിശദമായി പരിശോധിച്ചിട്ടുണ്ടോ? ഈ കാര്യങ്ങളൊക്കെ പരിശോധിച്ചുകൊണ്ടായിരിക്കണം ഈ ബിൽ പാസ് ആക്കിയെടുക്കേണ്ടത് എന്ന അഭ്യർത്ഥനയോടെ ഞാൻ എന്റെ വിയോജിപ്പ് അവതരിപ്പിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, ഇവിടെ ശ്രീ. കെ. ബാബു ചെക്ക് പോസ്റ്റുകളിൽ സൗകര്യം ഏർപ്പെടുത്തണമെന്ന് പറഞ്ഞു. കൂടുതൽ സ്റ്റാഫിനെ അവിടെ നിയമിച്ചാൽ കുറെക്കൂടി ശക്തമായി നിയന്ത്രിക്കാൻ കഴിയും. പക്ഷെ സ്റ്റാഫുകളെ കൂടുതൽ നിയമിക്കുന്നത് സാമ്പത്തിക ബുദ്ധിമുട്ടുള്ള ഈ കാലഘട്ടത്തിൽ മറ്റ് എല്ലാ വകുപ്പിലും ചില നിയന്ത്രണങ്ങളുള്ളപ്പോൾ ഫിനാൻസ് വകുപ്പ് മാത്രം അത് ചെയ്യുന്നത് ശരിയല്ല. എന്നുള്ളതുകൊണ്ട് ചില നിയന്ത്രണങ്ങൾ വച്ചതാണ്. സ്കാനർ വാങ്ങണമെന്ന് ഗവൺമെന്റ് ആദ്യം തന്നെ തീരുമാനിച്ചു. ഇത് സഭയിൽ പറഞ്ഞതാണ്. ഏതാണ്ട് 10 കോടി രൂപ ഒരു സ്കാനറിന് കൊടുക്കണം. അതു വാങ്ങാമെന്ന് കരുതി. പക്ഷെ അതിന്റെ റിസൽട്ട് വാങ്ങി നോക്കിയപ്പോൾ അത് ഒരു മാതിരി മോഡേൺ ആർട്ട് പോലെയിരിക്കുന്നു. അത് ആർക്കും വായിക്കാൻ ഒക്കില്ല. സ്പെഷ്യലിസ്റ്റ് ഉണ്ടെങ്കിൽ മാത്രമെ അത് വായിക്കാൻ പറ്റൂ. അത് അത്ര പ്രയോജനമല്ലെന്ന് മനസ്സിലാക്കി വേറൊന്ന് ഇംപോർട്ട് ചെയ്യാമെന്നു വിചാരിച്ചപ്പോൾ അതിനും പത്തിരുപത് കോടി രൂപയിൽ കൂടുതൽ കൊടുക്കണം എന്നു പറഞ്ഞതുകൊണ്ട് വാങ്ങിയില്ല. സ്കാനർ വാങ്ങണം. സ്കാനർ വാങ്ങിച്ചാൽ തീർച്ചയായും നമുക്ക് പല വെട്ടിപ്പുകളും കണ്ടു പിടിക്കാൻ കഴിയും, കൂടുതൽ ടാക്സ് വരുമാനമുണ്ടാക്കാനും കഴിയും. ആവശ്യമില്ലാത്ത ക്രിട്ടിസിസം കൂടി ഒഴിവാക്കാനാണ് വാസ്തവത്തിൽ അത്തരം ഒരു തീരുമാനം എടുക്കാതിരുന്നത്. അത് ഗവൺമെന്റിന്റെ പരിഗണനയിൽ ഇരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഫാക്ടറി തുടങ്ങുന്നതിനുള്ള മെഷീനും മറ്റു വസ്തുക്കൾക്കും നികുതി 12.5% ആയിരുന്നു. അത് നാലു ശതമാനമായി കുറച്ചതാണ്. ഒരു കാര്യം ആലോചിക്കേണ്ടത് ഓരോ സംസ്ഥാനത്തിന്റേയും പ്രത്യേകത യനുസരിച്ച് പത്തു സാധനങ്ങൾക്ക് നികുതി കിഴിവുകൊടുക്കാമെന്ന് എംപവേർഡ് കമ്മിറ്റി തീരുമാനിച്ചതൊഴിച്ചാൽ ബാക്കിയെല്ലാത്തിനുമുള്ള റേറ്റ് തീരുമാനിക്കുന്നത് എംപവേർഡ് കമ്മിറ്റിയാണ്. ഇത് പന്ത്രണ്ടര ശതമാനത്തിൽ നിന്ന് നാലു ശതമാനമായി കുറച്ചതും എംപവേർഡ് കമ്മിറ്റിയാണ്. അതിനേക്കാൾ കുറവാക്കിക്കൊടുക്കാൻ നമുക്ക് അവകാശമില്ല. ചില കാര്യങ്ങളൊക്കെ ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. അത് ഒഴിവാക്കിക്കൊടുക്കാൻ നമുക്ക് അവകാശമില്ല. ഒഴിവാക്കി യാൽ നമുക്ക് അതിന്റെ കോമ്പൻസേഷനും കിട്ടുകയില്ല. മറ്റൊന്ന് പറഞ്ഞത് കോഴിയുടെ കാര്യമാണ്. കോഴിയുടെ ഇറക്കുമതിയിലുള്ള ടാക്സ് കുറയ്ക്കണമെന്ന് ഇവിടെ പലരും പറഞ്ഞു. എല്ലാവരും കൂടി പറഞ്ഞിട്ട് നാളെ അക്കാര്യത്തിൽ ഞാൻ എന്തെങ്കിലും ചെയ്താൽ എന്നെ കോഴി എന്നു വിളിക്കാനുള്ള വേലയല്ലേ? അതുകൊണ്ട് ഞാൻ അത് കുറയ്ക്കുകയില്ല. ആരും അതിനുവേണ്ടി ബുദ്ധിമുട്ടേണ്ട. അത് ഞാൻ കുറയ്ക്കുകയില്ല.

ശ്രീ. ടി. എം. ജേക്കബ്: കോഴി എന്നു പറഞ്ഞാൽ പല അർത്ഥ മുണ്ട്.

ശ്രീ. വക്കം പുരുഷോത്തമൻ: ഏതായാലും ഒരർത്ഥത്തിലും ഞാൻ വരില്ല. മാഹിയിലേയ്ക്ക് ധാരാളം കോഴികളെ കടത്തിക്കൊണ്ടുപോകുന്നു എന്നു പറയുകയുണ്ടായി. അക്കാര്യം തീർച്ചയായും പ്രത്യേകമായി ശ്രദ്ധി ക്കുന്നതാണ്, പരിശോധിക്കുന്നതാണ്. അങ്ങനെയുള്ള കടത്തുണ്ടെങ്കിൽ അത് നിർത്തലാക്കുന്നതാണ്. മറ്റൊന്ന്, ഡയബെറിക്സിനുള്ള ഇൻസുലിന്റെ വില കൂടി എന്നു പറയുകയുണ്ടായി. ഇൻസുലിനെ VAT-ൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. VAT നിയമത്തിൽ ഒന്നാം പട്ടിക 77 (8)-ൽ ഇൻസുലിന് വില കൂടിയതിന് നികുതിയുമായി ബന്ധമില്ല, ഇൻസുലിൻ ഉൽപ്പാദിപ്പിക്കുന്ന ചിലയിനങ്ങൾക്ക് ബേസിക് പ്രൈസിൽ വന്ന വർദ്ധനവാണ് ഇതിനു കാരണം എന്നു പറയുന്നു. അല്ലാതെയല്ല. മരവ്യാപാരികളുടെ കാര്യം ഇവിടെ പറയുകയുണ്ടായി. വാസ്തവത്തിൽ ഇതിന്റെ പേരിൽ വൻ തട്ടിപ്പ് നടക്കുകയാണ്. കോടിക്കണക്കിന് രൂപയുടെ പല രീതി യിലുള്ള തട്ടിപ്പ് നടക്കുകയാണ്. അത് ഒഴിവാക്കാനായിട്ടാണ് മരത്തിന് നികുതി വച്ചത്. അതുകൊണ്ട് നമുക്ക് വരുമാനം കൂടിയതല്ലാതെ യാതൊരു രീതിയിലുള്ള നഷ്ടവുമുണ്ടായിട്ടില്ല. ഇതിൽ കൂടുതലായി ഒന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. ബാബു അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ചെയർമാൻ: ശ്രീ. കെ. ബാബു അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, പ്രസ്സ് ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 2 (ബി) നമ്പർ ഭേഗതി സഭ നിരാകരിച്ചു.

2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളം സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കു് അയയ്ക്കണമെന്ന പ്രമേയത്തെ:

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

2005-ലെ കേരള ടാക്സ് ഓൺ എൻട്രി ഓഫ് ഗുഡ്സ് ഇൻടു ലോക്കൽ ഏരിയാസ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളം സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കുന്നു.

(6) 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻറ്മെൻറ്) ബിൽ

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻറ്മെൻറ്) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. ചെയർമാൻ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, 2005-ലെ കേരള വാല്യൂ ആഡഡ് ടാക്സ് (അമെൻറ്മെൻറ്) ബിൽ സാമ്പത്തിക കാര്യങ്ങളം സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഫീഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വക്കം പുരുഷോത്തമൻ: സർ, VAT മൂല്യ വർദ്ധിത നികുതി നിയമം നിലവിൽ വന്നശേഷം യഥാർത്ഥത്തിൽ ടാക്സ് ഇംപ്ലിമെൻറേഷനിൽ വളരെയധികം സുതാര്യത വന്നിട്ടുണ്ട്. ഒരു സിസ്റ്റത്തിൽനിന്ന് വേറൊരു സിസ്റ്റത്തിലേക്ക് മാറുമ്പോഴം ഉണ്ടാകുന്ന ചില പ്രായോഗികമായ ബുദ്ധിമുട്ടുകളൊഴിച്ചാൽ ഇത് നടപ്പിലായിക്കഴിയുമ്പോഴം . ഇതിന്റെ നടപടിക്രമങ്ങളും മറ്റും വളരെ എളുപ്പമാകുന്നു. കച്ചവടക്കാർക്ക് സ്വയം നികുതി തീരുമാനിക്കാനും അവരുടെ റിട്ടേൺസ് സബ്മിറ്റ് ചെയ്യാനും അത് അടയ്ക്കാനും പ്രൊവിഷനുണ്ട്. അതുകൊണ്ട് ഒരുദ്യോഗസ്ഥനും അവരെ കാണാൻപോലും ചെല്ലുകയില്ല. ഇത് പല ഫോറത്തിലും ഡിസ്കസ് ചെയ്തു. ബിസിനസ്സുകാരും കച്ചവടക്കാരുമായിട്ടുള്ള പല പ്രതിനിധികളുമായി ചർച്ച ചെയ്തു. അപ്പോഴൊക്കെ ചില പുതിയ നിർദ്ദേശങ്ങളം വന്നു. എംപവേർഡ് കമ്മിറ്റിയും ചില പുതിയ തീരുമാനങ്ങളം എടുത്തു. ആ തീരുമാനങ്ങളെല്ലാം നടപ്പിലാക്കുന്നതിനു വേണ്ടിയാണ് ഈ ഭേഗതികളം കൊണ്ടുവന്നിട്ടുള്ളത്. കൂടുതൽ ബാദ്ധ്യത വരുത്താതെ ഓരോ സൗകര്യങ്ങളം ചെയ്യുക എന്നുള്ളതാണ് പ്രധാന മായിട്ടുള്ളത്. നിശ്ചിത സംഖ്യയിൽ കുറവ് വിറ്റുവരുമാനമുള്ളവരും നികുതിയിൽനിന്ന് ഒഴിവുള്ളവരുമായ പല വ്യാപാരികളും വ്യവസായികളും

LIBRARY ARCHIVES Kerala Legislative Assembly